# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1072 — 20/03/2012-ൽ മറുപടിയ്ക്ക്

## വികസനാവശ്യത്തിനായി ഭൂമി നഷ്ടമാകുന്നവരുടെ സമഗ്രപുനരധിവാസ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. ലൂഡി ലൂയീസ്<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) വികസനാവശ്യത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂമി നഷ്ടമാകുന്നവർക്കായി സമഗ്രപുനരധിവാസ പാക്കേജ് നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; | (എ) വികസനാവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി സമഗ്രമായ ഒരു പുനരധിവാസ നയം 15-11-2011 -ലെ സർക്കാർ ഉത്തരവ് (എം. എസ്) 419/2011/റവ പ്രകാരം ഉത്തവായിട്ടുണ്ട്. 75,000/-രൂപയിൽ കുറവ് വാർഷിക വരുമാനമുള്ള വീട് നഷ്ടപ്പെടുന്ന ഭൂദാതാക്കളായ കുടുംബങ്ങൾക്ക് വീട് വയ്ക്കാനുള്ള ഭൂമി ലഭ്യമാക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രോജക്റ്റുകൾക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബത്തിലെ ഒരംഗത്തിന് ജോലി ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുക, ഭൂവിലയിലുണ്ടാകുന്ന വർദ്ധനയ്ക്ക് ആനുപാതികമായ ആനുകൂല്യം ലഭിയ്ക്കുന്ന തരത്തിൽ കേരളാ ഇൻഫ്രാസ്ട്രക്ചർ ബോണ്ടുകൾ പുറപ്പെടുവിക്കുക തുടങ്ങിയ പ്രധാന നിർദ്ദേശങ്ങൾ പുതിയ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇൻഫ്രാസ്ട്രക്ചർ ബോണ്ട് രൂപീകരിക്കുന്നതു സംബന്ധിച്ച പഠന റിപ്പോർട്ട് നൽകാൻ വിദഗ്ദ്ധ സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (ബി) ഇൻഫ്രാസ്ട്രക്ചർ ബോണ്ട് രൂപീകരിക്കുന്നതു സംബന്ധിച്ച് സർക്കാർ പഠിച്ചു വരികയാണ്. ഇതിനായി ഒരു വർക്ക് ഷോപ്പ് സംഘടിപ്പിച്ചിരുന്നു. ഈ വർക്ക് ഷോപ്പിലെ നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. ഇതിനായി വിദഗ്ദ്ധ സമിതിക്ക് രൂപം നൽകിയിട്ടില്ല. |

| | |
|---|---|
| (സി) മൂല്യം കണക്കാക്കി ഭൂമിയുടെ വില നിർണ്ണയിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (സി) ഭൂവുടമകളുമായി ചർച്ച് ചെയ്ത് ഭൂമിയുടെ വില സംബന്ധിച്ച് ധാരണയിലെത്തി ശുപാർശ സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല പർച്ചേസ് കമ്മിറ്റി (DLPC) രൂപീകരിച്ചിട്ടുണ്ട്. ടി സമിതിയുടെ ശുപാർശ സംസ്ഥാനതല എംപവേഡ് കമ്മിറ്റി (SLEC) യുടെ പരിശോധനയ്ക്ക് വിധേയമായി സർക്കാർ അംഗീകരിച്ച് നൽകുന്നു. അതുപോലെ കെട്ടിടങ്ങളുടെ കാലപ്പഴക്കം കണക്കാക്കാതെ വില നിശ്ചയിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.